സ്വീകരിച്ചുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ പ്രശ്നങ്ങളും ഇതുപോലെതന്നെ പരിശോധിച്ചിട്ട് കഴിയുന്നതും വേഗം ആ പ്രദേശങ്ങളിലെ ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(11) ചെറുകിട-ഇടത്തരം കരാറുകാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി. നാണുമാസ്റ്റർ : സർ, കേരളത്തിലെ ജലസേചന വകുപ്പിലും പൊതുമരാമത്തു വകുപ്പിലും പ്രവൃത്തി എടുക്കുന്ന ഇടത്തരം ചെറുകിട കരാറുകാർക്ക് ചില വിഷമതകൾ ഉണ്ട്. നമ്മുടെ പുതിയ സെയിൽസ് ടാക്സ് നിയമം അനുസരിച്ച് അവർ സെയിൽടാക്സ് നൽകേണ്ടതുണ്ട്. അവരുടെ ആ വിഷമത കണക്കിലെടുത്ത് പലപ്പോഴും അവരുടെ സമ്മേളനത്തിലൊക്കെ ഉറപ്പ് നൽകിയ വിധത്തിൽ, സെയിൽസ് ടാക്സിൽനിന്ന് അവരെ ഒഴിവാക്കുന്ന കാര്യം, രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ഫീസിന്റെ കാര്യം ഒഴിവാക്കുന്നത് ഗവൺമെന്റ് പുനഃപരിശോധിക്കണം. ഒരു കാര്യം കൂടി, 23.6.99-ന് വൻകിട കരാറുകാർ കോടതിയിൽ ഒ.പി. ഫയൽ ചെയ്തു. അപ്പോൾ അവർക്ക് കൊടുക്കാനുള്ള സംഖ്യ കൊടുത്തിട്ട് ബാക്കി തുക ചെറുകിട ഇടത്തരം കരാറുകാർക്ക് കൊടുക്കണമെന്ന് അന്ന് ഒരു നിർദ്ദേശം നൽകുകയുണ്ടായി. അത് വളരെ വിഷമത അനുഭവിക്കുന്ന ഇടത്തരം ചെറുകിട കരാറുകാരുടെ സീനിയോറിറ്റി കൂടി ലംഘിക്കുന്നതാണ് എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവരെ ഈ രജിസ്ട്രേഷൻ എടുക്കുന്ന സംപ്രദായത്തിൽ നിന്നും ഒഴിവാക്കുവാനും അവർക്ക് കൊടുക്കാനുള്ള കുടിശ്ശിക ബിൽ എത്രയും വേഗം കൊടുത്ത് അവരുടെ വിഷമതയിൽ ഗവൺമെന്റ് പങ്കുചേരാനും ശ്രമിക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ നടത്തിയ എല്ലാ ശ്രമങ്ങളേയും സ്മരിച്ചുകൊണ്ടുതന്നെ ഞാൻ ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ഈ സാമ്പത്തികവർഷം പദ്ധതി ഇനത്തിൽ 63.61 കോടി രൂപയും, പദ്ധതിയേതര ഇനത്തിൽ 82.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഉപധനാഭ്യർത്ഥനവഴി 166 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകളിൽ ഭൂരിഭാഗവും റിലീസ് ചെയ്തുകഴിഞ്ഞു, ശേഷിക്കുന്ന തുകയും സർക്കാരിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് കഴിയുന്നത്ര വേഗം കൊടുത്തുതീർക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. ചെറുകിട-ഇടത്തരം കരാറുകാരെ സംബന്ധിച്ചടത്തോളം രജിസ്ട്രേഷന് പുതിയതായി യാതൊരു നിയമങ്ങളും കൊണ്ടുവന്നിട്ടില്ല. ഒരു ലക്ഷമോ അതിൽ കൂടുതലോ ടേൺ ഓവർ ഉള്ള കരാറുകാർ ഉൾപ്പെടെയുള്ള വ്യാപാരികൾ വിൽപ്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. രജിസ്ട്രേഷൻ എടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വ്യാപാരികളും, കരാറുകാരും ആയതിന് നിയമാനുസൃതമായ പിഴ കൊടുക്കണമെന്നും നിയമം അനുശാസിക്കുന്നു. എന്നാൽ ടേൺ ഓവർ തികഞ്ഞിട്ടും ദീർഘകാലമായി രജിസ്ട്രേഷൻ എടുക്കാതിരിക്കുന്ന കരാറുകാരെ 31.12.99-നകം രജിസ്ട്രേഷൻ എടുക്കുകയാണെങ്കിൽ രജിസ്ട്രേഷൻ കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും, പിഴ അടയ്ക്കുന്നതിൽ നിന്നും, നികുതിയിന്മേൽ ചുമത്തപ്പെട്ട പലിശയിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly